# അക്കാദമിക

# മാസ്റ്റർ പ്ലാൻ

## 2025-26

ജി.എം.യു.പി. സ്കൂൾ, ചുഴലിക്കാടി

# സൂചകങ്ങൾ


1. ഭൗതിക വിവരങ്ങൾ
2. ആമുഖം
3. പ്രതിസന്ധികൾ, പരിമിതികൾ
4. പൊതുലക്ഷ്യങ്ങൾ
5. അക്കാദമിക പ്രവർത്തനങ്ങൾ
6. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി - ക്രോഡീകരണം
7. അക്കാദമിക മാസ്റ്റർ പ്ലാൻ - സമഗ്രാസൂത്രണം
8. ഒന്നാം തരം
9. രണ്ടാം തരം
10. മൂന്നാം തരം
11. നാലാം തരം
12 U.P. English
13 യു.പി. ഗണിതം
14. ഹിന്ദി
15 അറബി

# ജി എം യു പി സ്ക്കൂൾ പഴയങ്ങാടി

| | |
|---|---|
| പഴയങ്ങാടി<br>പി.ഒ പഴയങ്ങാടി പി.ഒ.<br>670358 കണ്ണൂർ ജില്ല | |
| സ്ഥാപിതം | 1919 |
| | വിവരങ്ങൾ |
| ഇമെയിൽ | gmupspayangadi1@gmail.com |
| | കോഡുകൾ |
| സ്കൂൾ കോഡ് | 13551 |
| യുഡൈസ് കോഡ് | 32021400502 |
| വിക്കിഡാറ്റ | Q64458156 |
| | വിദ്യാഭ്യാസ ഭരണസംവിധാനം |
| റവന്യൂ ജില്ല | കണ്ണൂർ |
| വിദ്യാഭ്യാസ ജില്ല | തളിപ്പറമ്പ് |
| ഉപജില്ല | മാടായി |
| | ഭരണസംവിധാനം |
| ലോകസഭാമണ്ഡലം | കാസർഗോഡ് |
| നിയമസഭാമണ്ഡലം | കല്ല്യാശ്ശേരി |
| താലൂക്ക് | കണ്ണൂർ |
| ബ്ലോക്ക് പഞ്ചായത്ത് | കല്ല്യാശ്ശേരി |
| തദ്ദേശസ്വയംഭരണസ്ഥാപനം | പഞ്ചായത്ത് |
| വാർഡ് | 7 |

# ജി എം യു പി സ്ക്കൂൾ പഴയങ്ങാടി

| സ്കൂൾ ഭരണ വിഭാഗം | |
|---|---|
| സ്കൂൾ ഭരണ വിഭാഗം | സർക്കാർ |
| സ്കൂൾ വിഭാഗം | പൊതുവിദ്യാലയം |
| പഠന വിഭാഗങ്ങൾ | എൽ.പി<br>യു.പി |
| സ്കൂൾ തലം | 1 മുതൽ 7 വരെ |
| മാദ്ധ്യമം | മലയാളം |
| സ്ഥിതിവിവരക്കണക്ക് | |
| ആൺകുട്ടികൾ | 42 |
| പെൺകുട്ടികൾ | 57 |
| ആകെ വിദ്യാർത്ഥികൾ | 99 |
| അദ്ധ്യാപകർ | 9 |
| സ്കൂൾ നേതൃത്വം | |
| പ്രധാന അദ്ധ്യാപകൻ | വിജയൻ.വി |
| പി.ടി.എ. പ്രസിഡണ്ട് | ഷഫീന പിവി |
| എം.പി.ടി.എ. പ്രസിഡണ്ട് | ഷഹാന സുഗീഷ് |

# ജി.എം.യു.പി. സ്കൂൾ പഴയങ്ങാടി

ആമുഖം

കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിൽ പഴയങ്ങാടി പുഴയ്ക്ക് അരികിലായി സ്ഥിതിചെയ്യുന്ന ഗവ: മാപ്പിള യു.പി. സ്കൂൾ പഴയങ്ങാടി, തളിപ്പറമ്പ് വിദ്യാഭ്യാസ ജില്ലയിൽ മാടായി ഉപജില്ലയിലെ കല്യാശ്ശേരി ബ്ലോക്കിൽ ഉൾപ്പെടുന്നു.

പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച നിലവാരം പുലർത്താൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. രക്ഷിതാക്കളുടെയും നാട്ടുകാരുടെയും വിശ്വാസം നേടിയെടുത്ത മികവിന്റെ കേന്ദ്രമായ ഈ വിദ്യാലയത്തിൽ സമീപ വർഷങ്ങളിലായി, പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചു വരുന്നുവെന്നത് സന്തോഷകരമായ കാര്യമാണ്.

ഈ വിദ്യാലയത്തിൽ കൂടുതൽ മികച്ചതും സുഗമവുമായ പ്രയാണത്തിന് ഭൗതികവും അക്കാദമികവുമായ വികസന പ്രവർത്തനങ്ങൾ ഇനിയും അത്യാവശ്യമാണ്.

2024-'25 ലെ USS പരീക്ഷയിൽ മികച്ച വിജയം നേടാൻ നമ്മുടെ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.

ശാസ്ത്ര കലാമേളകളിലും [illegible] കലോത്സവങ്ങളിലും ഒട്ടേറെ നേട്ടങ്ങളിലൂടെയാണ് നമ്മുടെ വിദ്യാലയം ഓരോ വർഷവും മുന്നോട്ട് പോകുന്നത്.

ഈ വിദ്യാലയത്തിൽ പ്രീപ്രൈമറി മുതൽ 7-ാം തരം വരെ ആകെ കുട്ടികളാണ് അധ്യയനം നടത്തുന്നത്. സ്ഥിരജീവനക്കാരും താൽക്കാലിക ജീവനക്കാരുമായി 12 പേർ ഇവിടെ ജോലി ചെയ്യുന്നു.

* പ്രതിസന്ധികൾ / പരിമിതികൾ.

നല്ലൊരു കളിസ്ഥലത്തിന്റെ അഭാവം മൂലം നമ്മുടെ കുട്ടികൾക്ക് കായികമേളകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ പറ്റാത്തത് ഒരു വലിയ പരിമിതിയാണ്. PET പിരിയഡുകൾ കാര്യക്ഷമമായി പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല. കുട്ടികളിൽ ചെറിയൊരു ശതമാനം അന്യസംസ്ഥാന തൊഴിലാളികളുടെ മക്കളാണ് പഠിക്കുന്നത്. ഇടയ്ക്കിടെ ഉള്ള കൂടുമാറ്റം. കുട്ടികളുടെ അവധി സ്കൂളിന്റെ അക്കാദമിക മികവിനെ ബാധിക്കാറുണ്ട്.

* പൊതുലക്ഷ്യങ്ങൾ

1. വിദ്യാലയത്തിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും പാഠപുസ്തകത്തിൽ നിന്ന് ലഭിക്കേണ്ടുന്ന എല്ലാ പഠനശേഷികളും ലഭിച്ചു എന്ന് ഉറപ്പുവരുത്തുക.

2. കുട്ടികളിലെ വൈവിധ്യമാർന്ന കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിച്ച് അതത് മേഖലകളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ അവരെ പ്രാപ്തരാക്കുക.

3. കുട്ടികളിൽ പരസ്പര സഹകരണ മനോഭാവം വളർത്തുക.

4. കുട്ടികളെ അവരുടെ അക്കാദമിക നിലവാരമനുസരിച്ച് വ്യത്യസ്ത പഠനതന്ത്രങ്ങളിലൂടെ പരിശീലിപ്പിക്കൽ.

5. പരിസ്ഥിതി സൗഹൃദ വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുകയും കുട്ടികളിൽ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുകയും ചെയ്യുക.

* അക്കാദമിക പ്രവർത്തനങ്ങൾ

→ പ്രവർത്തനകലണ്ടർ തയ്യാറാക്കൽ
→ ചുമതല വിഭജനം പൂർത്തിയാക്കൽ
→ സഹവാസക്യാമ്പുകൾ, പഠനോപകരണ നിർമ്മാണ ശില്പശാലകൾ
→ വായനാക്കൂട്ടം, എഴുത്തുകൂട്ടം, തണൽ
→ അഭിനയക്കളരി
→ പരീക്ഷണക്കളരി
→ ഗണിത ലാബ്
→ പ്രവൃത്തി പരിചയ മേള
→ ശാസ്ത്ര-സാമൂഹ്യ-ഗണിത-സ്കൂൾതല മേളകൾ

- → ഭാഷാ അസംബ്ലി
- → ശാസ്ത്ര – സാഹിത്യകാരന്മാരുടെ ഫോട്ടോ ഗാലറി
- → സ്കൂൾ തല ലൈബ്രറി കാര്യക്ഷമമാക്കൽ.
- → സ്കൂൾ തല പൊതുവിജ്ഞാന പ്രതിവാര ക്വിസ്.
- → കലാപഠനം.

ജി.എം.യു.പി. സ്കൂൾ, പഴയങ്ങാടി

# സമഗ്ര ഗുണമേന്മ പദ്ധതി-2025-26

ജൂൺ 3 മുതൽ 13 വരെ
സ്കൂളിൽ നടത്തിയ പ്രവർത്തന
റിപ്പോർട്ട്

ജി. എം. യു. പി. സ്കൂൾ, പഴയങ്ങാടി

സമഗ്ര വിദ്യാലയ ഗുണമേന്മ വർഷം 2025-26

## കുട്ടികളിൽ വികസിക്കേണ്ട പൊതുധാരണകൾ

03/06/25 മുതൽ 13/06/25 വരെ സ്കൂളിൽ നടത്തിയ പ്രവർത്തന റിപ്പോർട്ട്

03/06/25 ചൊവ്വ:

എൽ.പി : പൊതുകാര്യങ്ങൾ

1. കളിയിലൂടെ എല്ലാ കുട്ടികളും പരസ്പരം പരിചയപ്പെട്ടു.
2. 'സ്കൂളും പരിസരവും' എന്ന വിഷയം SRG കൺവീനർ വിശദീകരിച്ചു.
3. ടോയ്‌ലറ്റ് ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ആരോഗ്യസംരക്ഷണം, മാലിന്യസംസ്കരണം, അപകട സാധ്യതകൾ, കുട്ടി എന്ന നിലയിലുള്ള വ്യക്തിസുരക്ഷിതത്വം ഉച്ചഭക്ഷണം, കുടിവെള്ളം എന്നീ വിഷയങ്ങൾ വ്യത്യസ്ത അധ്യാപകർ അവതരിപ്പിച്ചു.

യു.പി : മയക്കുമരുന്ന് ലഹരി ഉപയോഗത്തിനെതിരെ

1. ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു.
2. ലഹരിക്കെതിരായുള്ള ശൃംഖല സംഘടിപ്പിച്ചു
3. ലഹരിവിരുദ്ധ വാർത്തകൾ ഉൾപ്പെടുത്തി കൊളാഷ് തയ്യാറാക്കി
4. ലഹരിക്കെതിരെ പോസ്റ്റർ നിർമ്മാണം, കവിതാലാപനം 'ജീവിതമാണ് ലഹരി' ഉപന്യാസം എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചു

04/06/25 ബുധൻ

എൽ.പി & യു.പി : (ട്രാഫിക് നിയമങ്ങൾ, റോഡിലൂടെ സഞ്ചരിക്കുമ്പോൾ (ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ

1. ഈ വിഷയത്തിൽ ബോധവത്കരണ ക്ലാസ് നടത്തി.
2. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വീഡിയോ ക്ലിപ്പിലൂടെ പ്രദർശിപ്പിച്ചു.

3. സ്കൂളിലെ മുഴുവൻ കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ട്രാഫിക് ജംഗ്ഷന്റെ ദൃശ്യാവിഷ്കാരം നടത്തി.

4. സ്കൂൾ ബസിൽ കയറുമ്പോഴും ഇറങ്ങുമ്പോഴും ബസിറങ്ങി റോഡ് മുറിച്ചു കടക്കുമ്പോഴും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചാർട്ടിൽ പ്രദർശിപ്പിച്ചു.

5. റോഡപകടങ്ങളുടെ ചിത്രങ്ങൾ കൊളാഷ് ആയി പ്രദർശിപ്പിച്ചു.

05/06/25 വ്യാഴം :-

എൽ.പി & യു.പി : വ്യക്തിശുചിത്വം, പരിസരശുചിത്വം, ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവത്കരണം

1. ശുചിത്വത്തിന്റെ പ്രാധാന്യം എന്ന വിഷയത്തിൽ ചർച്ച സംഘടിപ്പിച്ചു

2. സർവ്വേഫോറം തയ്യാറാക്കി ക്ലാസിൽ സർവ്വേ നടത്തി.

3. സ്കിറ്റ് തയ്യാറാക്കി അവതരിപ്പിച്ചു.

4. പരിസ്ഥിതി ദിന പരിപാടികൾ സംഘടിപ്പിച്ചു.

5. ഒരു തൈ നടാം എന്ന കവിതയുടെ ദൃശ്യാവിഷ്കാരം കുട്ടികൾ നടത്തി

09/06/25 തിങ്കൾ

എൽ.പി & യു.പി : ആരോഗ്യം, വ്യായാമം, കായികക്ഷമത

1. ഭക്ഷണശീലങ്ങൾ, ശുചിത്വം, വ്യായാമം നല്ല ഉറക്കം, മനസ്സിന്റെ സന്തോഷം, ആരോഗ്യമാർഗങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ച് ബോധവത്കരണം നടത്തി.

2. വീഡിയോ ക്ലിപ്പ് കാണിച്ച് ടീച്ചറുടെ മേൽനോട്ടത്തിൽ Zoomba Dance ചെയ്തു.

3. വ്യായാമത്തിന്റെ പ്രാധാന്യം വീഡിയോ പ്രദർശനം നടത്തി.

10/06/25 ചൊവ്വ

എൽ.പി & യു.പി : ഡിജിറ്റൽ അച്ചടക്കം.

1. ടെലിവിഷൻ, മൊബൈൽ, ടാബ്, ഗുണങ്ങളും ദോഷങ്ങളും ചർച്ച സംഘടിപ്പിച്ചു.
2. സോഷ്യൽ മീഡിയ കൈകാര്യം ചെയ്യേണ്ട രീതിയെകുറിച്ച് ബോധവത്കരണം നടത്തി.
3. സൈബർ സേഫ്, സൈബർ എത്തിക്സ് എന്നിവയെകുറിച്ച് അറിവുകൾ നൽകി.
4. 'സോഷ്യൽ മീഡിയ ഉപയോഗം' ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെ കുറിച്ചുള്ള short film പ്രദർശിപ്പിച്ചു.

11/06/25 : ബുധൻ

എൽ.പി & യു.പി : പൊതുമുതൽ സംരക്ഷണം

1. എന്താണ് പൊതുമുതൽ, അതിന്റെ ആവശ്യകതയും അനിവാര്യതയും ചർച്ച സംഘടിപ്പിച്ചു.
2. പൊതു മുതൽ നശിപ്പിച്ചാലുള്ള ശിക്ഷാ നടപടികളെ കുറിച്ചുള്ള ബോധവത്കരണം കുട്ടികൾക്ക് നൽകി.
3. കുട്ടികൾ ചാർട്ടിൽ പൊതുമുതൽ ലിസ്റ്റ് തയ്യാറാക്കി.

12/06/25 : വ്യാഴം.

എൽ.പി & യു.പി : പരസ്പര സഹകരണത്തിന്റെ പ്രാധാന്യം

1. ചർച്ച സംഘടിപ്പിച്ചു.
2. കുട്ടികൾ അവരുടെ അനുഭവം പങ്കുവച്ചു.
3. സ്കിറ്റ് തയ്യാറാക്കി.
4. വീഡിയോ പ്രദർശനം നടത്തി.

13/06/25 : വെള്ളി

എൽ.പി & യു.പി : ക്രോഡീകരണം.

1. 03 മുതൽ 12 വരെ നടന്ന പ്രവർത്തനങ്ങൾ ക്രോഡീകരിച്ചു.

# അക്കാദമിക മാസ്റ്റർ പ്ലാൻ - സമഗ്രാസൂത്രണം

| ക്ര.നം | മേഖല | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | മലയാളം ഭാഷ | അറിയാം-പറയാം-എഴുതാം | ഒരു വർഷം | എല്ലാ മലയാളം അധ്യാപകരും | |
| 2 | മലയാളം ഭാഷ | വായനച്ചന്തം - ഭാഷയിലെ വ്യത്യസ്തമായ വായനകൾ (LP) | 1 വർഷം | മലയാളം അധ്യാപകർ | |
| 3 | മലയാളം ഭാഷ | വളരുന്ന വായന (UP) | 1 വർഷം | മലയാളം അധ്യാപകർ | |
| 4 | മലയാളം ഭാഷ | ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ | 1 വർഷം | ക്ലാസധ്യാപകർ | |
| 5 | മലയാളം ഭാഷ | സാഹിത്യസദസ്സ് | മാസത്തിൽ 1 തവണ | ഭാഷാധ്യാപകർ | |
| 6 | എഴുതാം-തെളിയാം | എഴുതാം-തെളിയാം LP/UP | 1 വർഷം | ക്ലാസ് ടീച്ചർ | |
| | | ഡയറി / പത്രവാർത്ത LP/UP | 1 വർഷം | ക്ലാസ് ടീച്ചർ | |
| 7 | മലയാളം ഭാഷ | പാടിത്തിമിർക്കാം LP/UP | 1 വർഷം | ക്ലാസ് ടീച്ചർ | |

| | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|---|
| 1. | ഇംഗ്ലീഷ് ഭാഷ | Lend your ear: ഉച്ചാരണവും ശബ്ദവുമായി ഇംഗ്ലീഷ് ന്യൂസ്കാസ്റ്റ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരം നൽകാൻ കുട്ടിയെ [illegible] സഹായിക്കുന്നു. | ജൂൺ – ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| 2. | ഇംഗ്ലീഷ് ഭാഷ | F.M. corner – വ്യത്യസ്തമായ വാർത്തകൾ ഡിഫെറൻസ് ലിസ്റ്റർ റേഡിയോ ഫോമാ രൂപത്തിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | ടേമിൽ രണ്ടുതവണ | ഇംഗ്ലീഷ് അധ്യാപകർ | |
| 3 | ഇംഗ്ലീഷ് ഭാഷ | Diary writing | 1 വർഷം | ഇംഗ്ലീഷ് അധ്യാപകർ | |
| 4 | ഇംഗ്ലീഷ് ഭാഷ | My Droplets: കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ്സ് മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | |
| 5. | ഇംഗ്ലീഷ് ഭാഷ | Fun time Funda<br>കടങ്കഥകൾ കുസൃതിചോദ്യങ്ങൾ ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കൽ | മാസത്തിൽ 1 തവണ | ഇംഗ്ലീഷ് അധ്യാപകർ. | |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| സാമൂഹ്യശാസ്ത്രം | ഭൂപട വിശകലനം – നിരീക്ഷണ വിശകലനം – നിഗമനം<br>ഫീൽഡ് ട്രിപ്പ് – മഴ നനയൽ<br>ക്യാമ്പ് – വിളപരിചയം – അഭിമുഖം – കൃഷിക്കാരുമായി | ജൂൺ – ജൂലായ് | സാമൂഹ്യശാസ്ത്രാധ്യാപകർ | |
| സ്കൂൾ പാർലമെന്റ് ഇലക്ഷൻ | ജനാധിപത്യം – കുട്ടികളിലൂടെ | ജൂലായ് – ആഗസ്ത് | സാമൂഹ്യശാസ്ത്രാധ്യാപകർ | |
| സാമൂഹ്യശാസ്ത്രം | ദിനാചരണങ്ങൾ<br>ക്വിസ്<br>ഉപന്യാസം<br>പോസ്റ്റർ നിർമ്മാണം<br>പ്രദർശനം | ഒരു വർഷം. | സാമൂഹ്യശാസ്ത്രാധ്യാപകർ | |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതം | ആശയധാരണ ഉറപ്പിക്കാൻ നിർമ്മിതികളിലെ ശേഷി ഉറപ്പിക്കാൻ ഇൻസ്ട്രുമെന്റ് ബോക്സിന്റെ ഉപയോഗ ശില്പശാലകൾ | ജൂൺ | ഗണിതാധ്യാപകർ | |
| ഗണിതം | ദിനാചരണങ്ങൾ, ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ജൂലായ് - ആഗസ്റ്റ് | ഗണിതാധ്യാപകർ | |
| ഗണിതം | ഗണിതക്വിസ്, ഗണിതപ്പതിപ്പ് | ആഗസ്റ്റ് - സെപ്റ്റംബർ | ഗണിതാധ്യാപകർ | |
| ഗണിതം | ഗണിതമേള സ്കൂൾതലം | സെപ്റ്റംബർ - ഒക്ടോബർ | ഗണിതാധ്യാപകർ | |
| ഗണിതം | ഗണിതാനുബന്ധ പ്രവർത്തനങ്ങൾ - മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ 1 | ഗണിതാധ്യാപകർ | |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രം | ചരിത്രശേഷിപ്പുകളുടെ പ്രദർശനം. പൈതൃകകേന്ദ്രങ്ങൾ | സെപ്റ്റംബർ [illegible] ഒക്ടോബർ | സാമൂഹ്യശാസ്ത്രാധ്യാപകൻ | |
| സാമൂഹ്യശാസ്ത്രം | ക്വിസ് - ക്ലാസ്സിൽ അറിയാം | ഡിസംബർ | സാമൂഹ്യശാസ്ത്രാധ്യാപകൻ | |
| സാമൂഹ്യശാസ്ത്രം | സ്വാതന്ത്ര്യദിനം സമരചരിത്രം സമര നേതാക്കളെ പരിചയപ്പെടൽ | ഓഗസ്റ്റ് - സെപ്റ്റംബർ | സാമൂഹ്യശാസ്ത്രാധ്യാപകൻ | |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ശാസ്ത്രം | പരിസ്ഥിതിദിനം | ജൂൺ | ശാസ്ത്രാധ്യാപകർ | |
| ശാസ്ത്രം | ബഹിരാകാശക്ലാസ്സ്.<br>ചാന്ദ്രദിനം.<br>ഓസോൺദിനം | ജൂലായ് | | |
| ശാസ്ത്രം | ഫീൽഡ് ട്രിപ്പ്. | നവംബർ | ശാസ്ത്രാധ്യാപകർ | |
| ശാസ്ത്രം | പരീക്ഷണക്കളരി | മാസം തോറും | ശാസ്ത്രാധ്യാപകർ | |
| ശാസ്ത്രം | ശാസ്ത്രമേള | സെപ്തംബർ | ശാസ്ത്രാധ്യാപകർ. | |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഐ. സി. ടി | പഠനപ്രവർത്തനങ്ങളിൽ ICT സാധ്യത പ്രയോജനപ്പെടുത്തുന്നു. | 1 വർഷം | എല്ലാ അധ്യാപകരും | |
| കായികം | PET പിരിയഡ് സൂംബ, ഫിസിക്കൽ exercise, വിവിധതരം കളികൾ - ക്ലാസ് ടീച്ചറിന്റെ നേതൃത്വത്തിൽ | 1 വർഷം | ക്ലാസധ്യാപകർ | |
| പ്രവൃത്തി പരിചയം | ക്ലാസ് വിസ്മയം തീർക്കാൻ<br>പ്രവൃത്തിപരിചയ മേള - സ്കൂൾ തലം. | 1 വർഷം | എല്ലാ അധ്യാപകരും. | |
| കലാവിദ്യാഭ്യാസം | - സ്കൂൾ സാഹിത്യസമാജം - സർഗ്ഗാത്മകപ്രകടനം - സ്കൂൾതലമേള | ടേമിൽ ഒരു തവണ | എല്ലാ അധ്യാപകരും. | |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025 - 26
## ക്ലാസ് ഒന്ന്.

ജി.എം.യു.പി.സ്കൂൾ, പഴയങ്ങാടി
മാടായി, കണ്ണൂർ.

## ആമുഖം

ഒന്നാം ക്ലാസ്സിലെ 2024-25 വർഷം പരിഷ്കരിച്ച പാഠപുസ്തകങ്ങളുടെ വിനിമയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ അവധിക്കാല അധ്യാപക പരിശീലനത്തിൽ ക്ലാസ് മുറിയിൽ നേരിട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തിന്റെ പരിമിതികളും ആധിക്യവും ബോധ്യപ്പെടുത്തുകയും ചെയ്യുകയുണ്ടായി. കൂടാതെ ടീച്ചേഴ്സ് ഹാൻഡ് ബുക്കുകൾ ഇതുവരെ ലഭ്യമാകാത്തത് പ്രയാസകരമാണെന്ന് പങ്കുവയ്ക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഒന്നാം ക്ലാസിന്റെ പഠനപ്രവർത്തനങ്ങളിൽ കൂടുതൽ വികേന്ദ്രീകരിക്കുന്ന സമീപനം ആവശ്യമുണ്ട്. നമ്മുടെ സ്കൂളിന്റെ സാഹചര്യം പരിഗണിച്ച് രക്ഷിതാക്കളുടെ സഹകരണത്തോടെ പഠനപ്രക്രിയകൾ

ആസൂത്രണം ചെയ്തതെന്ന് വിലയിരുത്തുന്നു. അതിനായി വാർഷിക ലക്ഷ്യങ്ങൾ തിരുമാനിച്ച് ഒരു വർഷത്തേക്കുള്ള പ്രവർത്തന ലക്ഷ്യങ്ങൾ ആസൂത്രണം ചെയ്തു. പിന്നീട് ഓരോ മാസവും ചിട്ടയായി ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടപ്പി-ലാക്കുന്നുണ്ട്. ഈ പ്രതിമാസ ലക്ഷ്യങ്ങൾ ക്ലാസ് PTA യിൽ ചർച്ച ചെയ്യുന്നതിനും സഹായകമാണ്.

നേരിടുന്ന പ്രശ്നങ്ങൾ (പൊതുവായി)

- ടെക്സ്റ്റ് ബുക്കുകൾ (മലയാളം, ഗണിതം, W.Bs ..) Hand book ലഭ്യമല്ല.
- കുട്ടികളുടെ മാതൃഭാഷകളിലെ വൈവിധ്യം
- ഓരോ മാസവും സാധ്യായ ദിവസങ്ങൾ പ്രതീക്ഷിച്ചപോലെ ലഭ്യമല്ല.

അവസ്ഥാ വിശകലനം - കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ:-

ഈ അക്കാദമിക വർഷം ഒന്നാം ക്ലാസിൽ 6 കുട്ടികളാണ് പ്രവേശനം നേടിയത്. എല്ലാ കുട്ടികളും അംഗൻവാടി / പ്രീപ്രൈമറി അനുഭവമുള്ളവരാണ്. ഇതിൽ 4 പേർ മലയാളം മാതൃഭാഷയായവരും ഒരാൾ കന്നട സംസാരിക്കുന്ന കുട്ടിയും മറ്റൊരു കുട്ടി തെലുങ്ക് സംസാരിക്കുന്നവരും ആണ്. എല്ലാവരും ആൺകുട്ടികളാണ്.

## വാർഷികലക്ഷ്യങ്ങൾ (മലയാളം):-

1. സദസ്സിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ ആശയങ്ങൾ, ആവശ്യങ്ങൾ, തനിക്കറിയാവുന്ന കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക.
2. കൃതി വായിച്ച് മനസ്സിലാക്കിയ കാര്യങ്ങൾ പറഞ്ഞും എഴുതിയും പങ്കിടാനുള്ള കഴിവ് നേടുക.
3. സദസ്സിനു മുമ്പാകെ നിശ്ചിത കാര്യങ്ങൾ ആശയവ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുക.
4. ഓരോ കുട്ടിയും സ്വന്തം ആശയം സംഭാഷണം ഡയറി, വിവരണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ്.
5. കുട്ടികളിലുള്ള സർഗാത്മകതയെ പ്രകടിപ്പിക്കാനുള്ള (ചിത്രംവര, പാട്ട് പാടൽ, കഥ പറയൽ, അഭിനയം) കഴിവ്.

### പ്രവർത്തന കലണ്ടർ.

| ക്രമ നമ്പർ | പരിപാടിയുടെ പേര് | നിർവഹണ കാലം |
|---|---|---|
| 1 | പാട്ടരങ്ങ് | ജൂൺ - മാർച്ച് |
| 2 | സംയുക്ത ഡയറി | ജൂലായ് - മാർച്ച് |
| 3 | വായനോത്സവം | ജൂൺ - മാർച്ച് |
| 4 | കഥോത്സവം | ജൂൺ - മാർച്ച് |
| 5 | നിർമാണ ശില്പശാല | ആഗസ്റ്റ് |
| 6 | രചനോത്സവം | ആഗസ്റ്റ് - മാർച്ച് |
| 7 | വിലയിരുത്തൽ | ജൂൺ - മാർച്ച് |

## പാട്ടരങ്ങ്

ജൂൺ - മാർച്ച്.

### ഉപലക്ഷ്യങ്ങൾ:

ഒന്നാം ക്ലാസ്സിൽ ഭാഷാ പഠനവുമായി ബന്ധപ്പെട്ട് പാട്ടിന് വളരെ പ്രധാനമായ സ്ഥാനമാണുള്ളത്. പാട്ടുകളിലെ താളാത്മകതയും താളബോധവും കുട്ടികളുടെ ഭാഷാശേഷിയെ സ്വാധീനിക്കുന്ന ഘടകമാണ്. ഇവ കുട്ടികളിൽ പഠനത്തിലുള്ള വളർത്താനും പഠനം ആസ്വാദ്യകരമാക്കുന്നതിനും സഹായകമാണ്. വൈവിധ്യമുള്ള പാട്ടുകൾ പരിചയപ്പെടുന്നതിനും അവതരിപ്പിക്കുന്നതിനും കുട്ടികൾക്ക് അവസരം ഒരുക്കുന്ന പാട്ടരങ്ങ് വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രവർത്തനമാണ്.

### പ്രവർത്തന ഘട്ടങ്ങൾ:

1. മഴപ്പാട്ടുകൾ, വായ്ത്താരികൾ, കുട്ടിക്കവിതകൾ ഇവ കേൾക്കുന്നു, ആസ്വദിക്കുന്നു.
2. പാട്ടുകൾ കേട്ട് താളത്തിനനുസരിച്ച് ശരീര ചലനങ്ങളിലൂടെ ചെയ്യുന്നു.
3. ചൊല്ലിക്കേൾക്കുന്ന പാട്ടുകൾ ഒറ്റയ്ക്കും കൂട്ടായും ഈണവും താളവും പാലിച്ചു കൊണ്ട് ഏറ്റു ചൊല്ലുന്നു.
4. താളത്തിനനുസരിച്ച് ഒറ്റയ്ക്കും കൂട്ടായും കൈകൾ കൊട്ടി ചുവട് വെച്ച് ശരീരം ചലിപ്പിക്കുന്നു.
5. പഠിച്ച പാട്ടുകൾ സ്വതന്ത്രമായി ഒറ്റയ്ക്കും കൂട്ടായും ചൊല്ലുന്നു
6. പാഠപുസ്തകത്തിലെ വരികളും വായ്ത്താരികളും ഈണത്തിൽ സ്വതന്ത്രമായി ചൊല്ലുന്നു.

# സംയുക്ത ഡയറി

ജൂലായ് - മാർച്ച്

## ഉദ്ദേശ്യങ്ങൾ

1. കുട്ടികളുടെ സ്വതന്ത്ര രചനാശേഷി വികസിപ്പിക്കുക
2. പരിചയിച്ച ആശയങ്ങൾ പുതിയ രചനാസന്ദർഭങ്ങളിൽ പ്രയോഗിക്കാൻ അവസരം ഒരുക്കണം.
3. കുട്ടികളുടെ അനുഭവങ്ങളും ചിന്തകളും ആശയങ്ങളും പ്രതിദിനം ചിത്രസഹിതം ചെറുവാക്യങ്ങളിൽ രേഖപ്പെടുത്തുക.
4. ആശയാവതരണശേഷിയുടെ ഉയർന്ന രൂപമായ തനിമയുള്ളതിലേക്ക് നയിക്കുക.

## പ്രവർത്തന ഘട്ടങ്ങൾ:

1. ക്ലാസ് PTA വിളിച്ച് പ്രക്രിയ ബോധ്യപ്പെടുത്തൽ
2. മാതൃക ഡയറി കാണുവാൻ അവസരം ഒരുക്കൽ
3. ഡയറിയെഴുത്തു മൂലമുണ്ടാകുന്ന ഭാഷാപരമായ മുന്നേറ്റം വ്യക്തമാക്കൽ
4. സംയുക്ത ഡയറി എഴുതുന്നതിനായി ഓരോ കുട്ടിക്കും ഒരു നോട്ട് ബുക്ക് ഉറപ്പാക്കൽ
5. എല്ലാ ദിവസവും ടീച്ചർ ഡയറി പരിശോധിക്കും. പുരോഗതി വിലയിരുത്തും.
6. ഡയറിയുടെ പ്രകാശനം - മുന്നൊരുക്കം

## വായനോത്സവം

കുട്ടികളുടെ സമ്പൂർണ്ണ വായനയിൽ തുടങ്ങി സ്വതന്ത്ര വായനക്കാരായി മാറുക എന്നതാണ് ലക്ഷ്യം.

ഉപലക്ഷ്യങ്ങൾ:

1. ഒന്നാം ക്ലാസിൽ എല്ലാ കുട്ടികൾക്കും വായിക്കുന്നതിനുള്ള പുസ്തകശേഖരം ഉണ്ടാക്കുക.
2. രക്ഷിതാക്കളെ കുട്ടികളുടെ വായനയിൽ പങ്കാളിയാക്കുക.
3. എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക
4. ആശയഗ്രഹണ വായന, ആസ്വാദ്യവായന പ്രോത്സാഹിപ്പിക്കുക.
5. കുട്ടികളുടെ വാചിക അവതരണശേഷി വികസിപ്പിക്കുക.

പ്രവർത്തനഘട്ടങ്ങൾ

ജൂൺ

- ക്ലാസ് ലൈബ്രറി ക്രമീകരണം (ചിത്രങ്ങൾ കൂടുതലും എഴുത്ത് കുറവുള്ളവയും)
- കഥ കേൾക്കൽ.

ജൂലൈ

- കുട്ടിയും രക്ഷിതാവും ചേർന്നുള്ള വായന പരിചയപ്പെടുത്തൽ
- പുസ്തകം ഓരോ കുട്ടിക്കും നൽകുന്നു.
- അമ്മ വായിച്ചു കേൾപ്പിച്ച കഥ ക്ലാസിൽ പറയുന്നു

ആഗസ്റ്റ് – നവംബർ

- അമ്മ – കുട്ടി വായന

• ക്ലാസ് PTA യിൽ കഥ അവതരണം

ഡിസംബർ — ഫെബ്രുവരി.

• പുസ്തകം നോക്കി കുട്ടി തനിയെ വായിക്കുന്നു.
• അസംബ്ലിയിൽ അവതരണം
• CPTA യിൽ കഥ കുട്ടി അവതരിപ്പിക്കുന്നു.

മാർച്ച് — മെയ്

• കഥോത്സവം
• അവധിക്കാലത്തേക്ക് പുസ്തകങ്ങൾ നൽകുന്നു.
• സ്വതന്ത്രമായി ബാലസാഹിത്യ കൃതികൾ വായിക്കുന്നു.

നിർമ്മാണ ശില്പശാല

പ്രവൃത്തി പരിചയ - ഭാഷ ഉദ്ഗ്രഥനം — മൂന്നാം യൂണിറ്റ് ആർപ്പോ ഇർ റോ

ഉപലക്ഷ്യങ്ങൾ.

1. പരിസ്ഥിതി സൗഹൃദമായ കളിയുപകരണങ്ങൾ പരിചയപ്പെടുത്തുക
2. ഭാഷാപരമായ ശേഷി വികസിപ്പിക്കുക.

പ്രവർത്തനഘട്ടങ്ങൾ

1. CPTA യിൽ ശില്പശാലയുടെ പ്രസക്തി ബോധ്യപ്പെടുത്തൽ
2. നിർമ്മിക്കേണ്ട ഇനങ്ങൾ തീരുമാനിക്കൽ
3. രക്ഷിതാക്കളുടെ പങ്കാളിത്തം
4. നിർമ്മാണ വസ്തുക്കളുടെ സമാഹരണം

5- നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനം.

## റീഡേഴ്സ് തീയറ്റർ

പാഠപുസ്തകത്തിലുള്ളതും പാഠപുസ്തകത്തിന് പുറത്തുള്ളതുമായ രചനകൾ ഭാവാത്മകമായി വായിക്കുന്നതിനുള്ള അവസരമാണ് റീഡേഴ്സ് തീയറ്റർ ഒരുക്കുന്നത്. സഹവർത്തിത വായന ശൃംഖലകൾ വികസിപ്പിക്കുന്നതും പരസ്പരം സഹായിച്ചും ടീം എന്ന നിലയിൽ പ്രവർത്തിക്കുന്നു.

ഉപലക്ഷ്യങ്ങൾ:

- ഭാവം ഉൾക്കൊണ്ട് ശബ്ദവ്യതിയാനത്തോടെ സദസ്സിനു മുമ്പാകെ ഉച്ചത്തിൽ വായന നടത്തുന്നതിനുള്ള കഴിവ് വളർത്തുക.
- വായനയുടെ ആവിഷ്കാര സന്ദർഭം ഒരുക്കി വായനയോടു പുസ്തകങ്ങളോടും താത്പര്യം കൂട്ടുന്നതിന്.

പ്രവർത്തന ഘട്ടങ്ങൾ:

- CPTA യിൽ പറഞ്ഞു.
- റീഡേഴ്സ് തീയറ്റർ കഥാവതരണത്തിന്റെ ഭാഗമായി അവതരിപ്പിക്കൽ
- കഥാപാത്രങ്ങൾ, സംഭവങ്ങൾ, സംഭാഷണങ്ങൾ എന്നിവ കൂടുതലുള്ള കഥകൾ തെരഞ്ഞെടുക്കു
- കഥാപാത്രങ്ങളുടെ എണ്ണം കണക്കിലെടുത്ത് വായനക്കൂട്ടത്തെ തിരുമാനിക്കൽ
- ഓരോരുത്തരും കഥാപാത്രങ്ങളെ തെരഞ്ഞെടുക്കണ
- കഥാപാത്രം പറയേണ്ട സംഭാഷണം നിശ്ചയിക്കൽ (പ്രത്യേകം തയാറാക്കാം, കഥയിലുള്ളത് അതുപോലെയോ അതേ ആശയം പ്രതിഫലിക്കുന്ന രീതിയിലോ).

- ആരാണ് അവതാരകൻ എന്ന് തീരുമാനിക്കൽ
- അവതാരകൻ പറയേണ്ട കാര്യങ്ങൾ തീരുമാനിക്കൽ
- റിഹേഴ്സൽ ചെയ്യൽ
- വരികളുടെ ക്രമം തീരുമാനിക്കൽ
- വേദിയിൽ അവതരണം.
- റിക്കാർഡ് ചെയ്ത് അവരെ കാണിച്ച് മെച്ചപ്പെടുത്തേണ്ടവ സംബന്ധിച്ച് ധാരണ രൂപീകരിക്കൽ

## രചനോത്സവം

ഭാഷാപഠനത്തിൽ കുട്ടികളുടെ ആശയ പ്രകാശന-പ്രവർത്തനത്തിന് ആസ്വാദ്യകരമായ രചനാ പ്രവർത്തനങ്ങൾക്ക് ചലനാത്മക ചിത്രം ആവശ്യമാണ്. അനുഭവങ്ങളും കുട്ടികളുടെ ഭാവനയും പ്രയോജനപ്പെടുത്തി രചനയിലേക്ക് നയിക്കുന്നു. ഇവിടെ ഉണർത്തി അവസാനത്തെ ആരംഭിക്കുന്നു.

## ഉദ്ദേശ്യങ്ങൾ:

1. കുട്ടികളുടെ സർഗാത്മകശേഷി വികസിപ്പിക്കുന്നതിന്
2. സ്വതന്ത്ര രചനകളും ലഘുവാക്യങ്ങളിൽ ആശയ പ്രകാശനം അവസരം ഒരുക്കുക
3. അനുയോജ്യമായ ചിത്രം വരച്ച് രചനയെ ആകർഷകമാക്കുക.
4. രചനകൾ സഭ്യമായി പങ്കിടുക.

## പ്രവർത്തന ഘട്ടങ്ങൾ:

- രക്ഷിതാക്കൾക്ക് പരിശീലനം
- ഭാവന ഉണർത്തുന്ന ചലനാത്മക ചിത്രങ്ങൾ തെരഞ്ഞെടുക്കൽ

• ചിത്ര സന്ദർഭങ്ങളെ വിശകലനം ചെയ്യുന്നതിനായി ചോദ്യങ്ങൾ ഉന്നയിക്കുക

•. കുട്ടികളുടെ പ്രതികരണങ്ങൾ

• കുട്ടിക്ക് രക്ഷിതാക്കളുടെ പിന്തുണയോടെ സർഗാത്മക രചനയിലേർപ്പെടാൻ അവസരം

- തുടക്കത്തിൽ കുട്ടികൾ ആശയം പറയുമ്പോൾ മുതിർന്നവർ അവർക്കു വേണ്ടി അത് രേഖപ്പെടുത്തുകയാണ് വേണ്ടത്.

- ചെറു വാക്യങ്ങളാക്കാൻ ശ്രമിക്കുക. സംഭാഷണ രചനയുമാകാം.

- കുട്ടികൾ സ്വന്തമായും രക്ഷിതാക്കളുടെ സഹായത്തോടെയും എഴുതുന്ന രചനകളുടെ എഡിറ്റിങ്.

- കുഞ്ഞെഴുത്തുകൾ - അച്ചടിച്ച രചനകൾ

വിലയിരുത്തൽ

ഉപലക്ഷ്യങ്ങൾ

1. സ്വയം വിലയിരുത്തൽ നടത്താൻ

# ജി എം യു പി എസ്
# പഴയങ്ങാടി

**അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം std 2**

**പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്സ്തല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിൻ്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.**

**പ്രവർത്തന ലക്ഷ്യങ്ങൾ**

**✨ രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.**
**✨ രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.**
**✨ ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.**
**✨ ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്സിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.**
**✨ വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.**
**✨ ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.**
**✨ ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).**

**മുന്നൊരുക്കം**

✨ പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

✨ കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

**പ്രവർത്തന ലക്ഷ്യം**

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

**ജൂൺ** ✨

- ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)
- ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
- വായനാ സാമഗ്രികൾ നിർമിക്കൽ
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

✨ **ജൂലൈ** ✨

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിൻ്റെയും സാധ്യത ഉറപ്പാക്കുന്നു.
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

**ആഗസ്റ്റ്**

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
- വീട്ടു ലൈബ്രറി ഒരുക്കൽ
- ചിത്ര വിവരണം
- വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

**സെപ്റ്റംബർ**

- **വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ**
- **വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ**
- **വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ**
- **വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ**

**ഒക്ടോബർ**

- **കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ**
- **വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു**

**ഉദാ:- ആന**
**വലിയ ആന**
**കറുത്ത വലിയ ആന**

**നവംബർ**

- **കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.**

**ഡിസംബർ**

- **ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.**
- **ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.**

ജനുവരി

✨ വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ ക്രവിതാ പൂരണം)

✨ ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി

✨ എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ ഭാഷണം, ലേഖനം, എഴുത്ത് )

✨ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്

🏵🏵🏵

- 🍁 വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.
- 🍁 ഇൻലൻറ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ
- 🍁 ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.
- 🍁 വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- 🍁 ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

# ജി എം യു പി എസ്

# പഴയങ്ങാടി

## അക്കാദമിക മാസ്റ്റർ പ്ലാൻ

**ഗണിതം** **Std 2**

**ആമുഖം**

**ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് " ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.**

**✥പ്രവർത്തന ലക്ഷ്യങ്ങൾ**

**✥ രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.**

സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്:

ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ

ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)

ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ

പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

മുന്നൊരുക്കം

ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവർത്തന ലക്ഷ്യം

പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

ജൂൺ

- 1, 2, 3, 4 ......

1,3,5,7....
10,20,30,40,....
5,10,15,20....
2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

- ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .

ജൂലൈ

- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിൻ്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
- ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
- പത്തിൻ്റെയും ഒന്നിൻ്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ

(5+5 = 10, 10+10= 20)

ആഗസ്റ്റ്

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
- സംഖ്യകളുടെ പ്രതേകതകൾ കണ്ടെത്തൽ

99 നോട് 1 കൂട്ടിയാൽ 100

10 പത്തുകൾ ചേർന്നാൽ 100 ആകും

100 ഒന്നുകൾ ചേർന്നതാണ് 100

- ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

സെപ്റ്റംബർ

- ഗണിത ക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
- വിലവിവരപട്ടിക തയ്യാറാക്കൽ
- ക്ലാസിലൊരുകട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ

ഉറപ്പിക്കുന്നു.

ഒക്ടോബർ

- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു
- സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ

❁ സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ

സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ,

പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

**5...10.... 15.... 20... 25**

(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

നവംബർ

❁ സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)

❁ പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ

മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ

❁ "ക്ലാസിനൊരു " കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ

❁ നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത്

സംഖ്യരൂപീകരിക്കൽ

**10 രൂപ +5 രൂപ = 15 രൂപ**

നോട്ട് നാണയം

ഡിസംബർ

❁ സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.

❁ സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില

പോക്കറ്റ്, അബാക്കസ് നിർമിക്കൽ)

❁ രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ

ഉപയോഗിക്കുന്നു.

**ജനുവരി**

- വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ
- സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

**ഫെബ്രുവരി**

- ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ
- ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

**മാർച്ച്**

- ' കലണ്ടർ പതിപ്പ് തയ്യാറാക്കൽ
- കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
- കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ
- കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
- ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

**GMUPS**
**PAZHAYANGADI**

**Academic master plan**
**English**

**Aim . : To speak, Read, & write English without any mistakes**
**Time - June ,July, August**
**June**
**Pretest**
**To develop listening skills & reading skills first**
**Listening skills**
**Games, Action songs Hello English activities,2 conversations, skit stories**
**Use ICT**
**Speaking skills**
**Descriptions, growing sentences , picture reading, picture description self introduction Assembly activities- speech , book review, quiz riddles,self introduction. School radio etc**

**July & August**
**Reading skills**
**News paper reading, library books reading, book review, reading breaking news, find words. collect and read past tense,rhyming words, describing words etc**
**Textbook activities**

**Writing skills**
**Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines**

# അക്കാദമിക മാസ്റ്റർ പ്ലാൻ

## Std III

മലയാളം

പരിസരപഠനം

ഗണിതം

മലയാളം

ഉദ്ദേശ്യം: വിദ്യാർത്ഥികൾക്ക് ആശയം, വായിക്കാനും എഴുതാനും, സംസാരിക്കാനും കഴിയേണ്ടതാണ്

ലക്ഷ്യങ്ങൾ: ശ്രദ്ധശേഷി വർധിപ്പിക്കൽ, എഴുത്ത് വായന, സംസാരശേഷി വർധിപ്പിക്കൽ

| മാസം | പ്രവർത്തനങ്ങൾ | |
|---|---|---|
| ജൂൺ | പ്രീ-ടെസ്റ്റ്<br>• നിർദേശങ്ങൾ പാലിക്കാനുള്ള ശേഷിയും വായനശേഷിയും വർധിപ്പിക്കുക<br>• ഭാഷാകേളികൾ<br>• ആക്ഷൻ സോങ്സ്<br>• ഭാവാത്മകവായന<br>• കഥപറയൽ<br>• അധ്യാപിക ഭാവാത്മകമായി പറയുന്ന കഥകൾ കേൾക്കൽ<br>• ഐസിടി ഉപകരണങ്ങൾ ഉപയോഗിച്ച് കഥകളും പാട്ടുകളും കേൾക്കൽ | |
| ജൂലൈ | • സംസാരശേഷി:<br>• ചിത്രവായന<br>• കടങ്കഥകൾ, പഴഞ്ചൊല്ല്ശേഖരണം, ക്ലാസ് അവതരണം<br>• അനുഭവ വിവരണം<br>• ചിത്രങ്ങളെ അടിസ്ഥാനമാക്കി വാക്കുകൾ ഉപയോഗിച്ച് വാക്യം നിർമിക്കുക<br>• ചിത്രവിവരണം. | |

മലയാളം.

| | |
|---|---|
| ലക്ഷ്യം: | സൃഷ്ടിപരമായ എഴുത്തും സംസാരശേഷിയുമുള്ള വിദ്യാർത്ഥികളെ വികസിപ്പിക്കുക |
| മാസം | പ്രവർത്തനങ്ങൾ |
| ഓഗസ്റ്റ് സെപ്റ്റംബർ | വായനശേഷി<br>• കഥാപുസ്തകങ്ങൾ വായിക്കുക<br>• വായിച്ചതിൽ നിന്നും പുതിയ വാക്കുകൾ കണ്ടെത്തുക<br>• ചിത്രവിവരണം<br>• വാക്കുകളും വാക്യങ്ങളും നിർമിക്കുക<br>• ചോദ്യങ്ങൾ നിർമിക്കുക<br>• ചോദ്യോത്തരപ്പയറ്റ്<br>• വരികൾ കൂട്ടിച്ചേർത്തെഴുതുക |
| ലക്ഷ്യം: | ആലോചനകളും വികാരങ്ങളും പ്രകടിപ്പിക്കാൻ കഴിയണം. |
| മാസം | പ്രവർത്തനങ്ങൾ |
| ഒക്ടോബർ നവംബർ | വായനശേഷി:<br>• ലൈബ്രറി പുസ്തകങ്ങൾ വായിക്കുക<br>• കഥ, നാൾക്കുറിപ്പ്<br>അനുഭവക്കുറിപ്പുകൾ |
| | |

# പരിസരപഠനം

ലക്ഷ്യം :

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക
- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക

| മാസം | പ്രവർത്തനം |
|---|---|
| ജൂൺ | പ്രകൃതി നടത്തം.<br>• ചുറ്റുപാടുമുള്ള സസ്യങ്ങൾ നിരീക്ഷിക്കാം. പ്രത്യേകതകൾ മനസിലാക്കാം.<br>• വ്യത്യസ്തതരം സസ്യങ്ങൾ പൂക്കൾ എന്നിവയെ തിരിച്ചറിയുന്ന പട്ടികപ്പെടുത്തുന്നു.<br>• സസ്യങ്ങളെ പ്രത്യേകതകൾക്കനുസരിച്ച് പട്ടികപ്പെടുത്താൻ<br>• വിത്ത് മുളപ്പിക്കൽ. പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കൽ<br>• പരിസ്ഥിതിദിനാചരണം.<br>• [illegible] |
| ജൂലൈ | • വ്യത്യസ്തതരം ജീവികളെ നിരീക്ഷിക്കാൻ<br>• പ്രയോജനങ്ങൾ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്താൻ<br>• ചിത്രങ്ങൾ ശേഖരിക്കാൻ<br>• സഞ്ചാരരീതി ശാരീരിക പ്രത്യേകതകൾ - പട്ടിക തയ്യാറാക്കൽ<br>• ആഹാരരീതികൾ തിരിച്ചറിയൽ. പട്ടികയാക്കാൻ<br>• പൂമ്പാറ്റയുടെ ജീവിതചക്രം നിരീക്ഷണം. |

## പരിസരപഠനം

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ, ജൂലൈ | • ശലഭോദ്യാനം നിർമ്മിക്കൽ |
| ഓഗസ്റ്റ് | • മഴമാപിനി നിർമ്മാണം<br>• ജലസംരക്ഷണ പോസ്റ്റർ നിർമ്മാണം<br>• ജലസ്രോതസ്സുകൾ സന്ദർശനം<br>• ജലസംരക്ഷണ പ്രവർത്തനങ്ങൾ പോസ്റ്റർ തയ്യാറാക്കൽ<br>• മണ്ണ് നിരീക്ഷണം<br>• മണ്ണ് കൊണ്ട് രൂപങ്ങൾ ഉണ്ടാക്കൽ<br>• പരീക്ഷണങ്ങളിൽ ഏർപ്പെടൽ<br>• ജലവും മണ്ണും – ആശയപടം തയ്യാറാക്കൽ |

ലക്ഷ്യം:-
കുട്ടികളെ വ്യക്തിശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ Sept മാർച്ച് | • ശുചിത്വ പോസ്റ്റർ നിർമ്മാണം<br>• ശുചിത്വ മത്സരം - വ്യക്തിശുചിത്വം, ക്ലാസ്മുറി ശുചിത്വം, പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി Grade നൽകുന്നു<br>• ആരോഗ്യ ബോധവൽക്കരണ ക്ലാസ്<br>• വീടും പരിസരവും / സ്കൂളും പരിസരവും വൃത്തിയുള്ളതാണോ. നിരീക്ഷണപ്പട്ടിക തയ്യാറാക്കൽ - റിപ്പോർട്ട് തയ്യാറാക്കൽ. |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം- |
|---|---|---|---|---|
| ചതുരം, വൃത്തം, ത്രികോണം എന്നിവയെക്കുറിച്ചുള്ള ധാരണ നൽകുന്നു. | പേപ്പർ ടെസ്റ്റ്<br>ഈർക്കിലുകൾ, കമ്പുകൾ, സ്ട്രോ എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമ്മിക്കുന്നു. | ജൂൺ<br>ജൂൺ, ജൂലൈ | അധ്യാപകൻ പി.ടി.എ | |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു | സംഖ്യാപാറ്റേണുകൾ<br>നാണയങ്ങൾ, കളിനോട്ടുകൾ<br>• പാറ്റേണുകൾ | ഓഗസ്റ്റ് | അധ്യാപകൻ കുട്ടികൾ | |
| • എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്തംബർ | അധ്യാപകൻ കുട്ടികൾ | |
| • സങ്കലന - വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | • മനക്കണക്കുകൾ<br>നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ - നവംബർ | അധ്യാപകൻ കുട്ടികൾ | |
| ഉന്നതവസ്തുക്കൾ നേടൽ | മനഃക്കണക്കുകൾ<br>മഞ്ചാടിക്കുരു<br>• ഉന്നത വസ്തുത കാർഡ് നിർമ്മാണം.. | ഡിസംബർ ജനുവരി | അധ്യാപകൻ കുട്ടികൾ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## നാലാം തരം

| | മലയാളം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | [illegible] |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |
| വായിക്കാം വളരാം. വായനാശേഷി വളർത്തൽ | ക്ലാസ് വായനക്കൂട്ടം ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം വായനാക്കുറിപ്പ് ആസ്വാദനക്കുറിപ്പ് പുസ്തക സംവാദം ആനുകാലിക വായന | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| എഴുതാം തെളിയാം | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം | ക്ലാസ്ടീച്ചർ | |

| | | | | |
|---|---|---|---|---|
| എഴുത്തുകാരുമായി സംവദിക്കാം | | | | |
| ലേഖനശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | മാസം ഒന്ന് | ക്ലാസ് ടീച്ചർ | |
| കണ്ടറിയാം കേട്ടറിയാം | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| രുചിയറിയാം | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചകക്കുറിപ്പുകളുടെ പതിപ്പ് നിർമ്മാണം ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ. | |
| ഓർക്കാം അറിഞ്ഞിരിക്കാം | | | | |
| സാഹിത്യകാരന്മാരുടെ ജന്മ - ചരമദിനാചരണങ്ങൾ | ഓർമദിനങ്ങൾ ആചരിക്കൽ ഡോക്യുമെന്ററി പ്രദർശനം പുസ്തക പരിചയം | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ | |
| [illegible] . സർഗോത്സവം. | | | | |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം | ഒന്ന് | ക്ലാസ് ടീച്ചർ. | |

Std : IV

English

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | (ഭാഷാ പഠനം) | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ ഒരു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഡയറി | (ഇംഗ്ലീഷ് ഭാഷാപഠനം) | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുക. | ആഴ്ചയിൽ 2 ദിവസം (തിങ്കൾ, വെള്ളി) | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തിയേറ്റർ | (ഇംഗ്ലീഷ് ഭാഷാപഠനം) | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (skit, Drama, conversation, story telling, poem recitation) | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് മാഗസിൻ | | | | |
| സർഗാത്മകതാ രചനാശേഷി വികസനം | മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | 2 മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ SRG | |
| ഇംഗ്ലീഷ് കൈയെഴുത്ത് | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് കോർണർ | | | | |
| വായനാ പരിപോഷണം. | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ വായനാവേള ഒരുക്കൽ വായനാക്കുറിപ്പ് | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഫെസ്റ്റ്. | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ | വായനാ മത്സരം, രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | ഡിസം-ർ മാർച്ച് | SMC | |

## പരിസരപഠനം

| | | | |
|---|---|---|---|
| പ്രകൃതി നടത്തം | | | |
| നിരീക്ഷണം അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |
| ശാസ്ത്രമേള. | | | |
| ശാസ്ത്ര പഠനം, ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ ലാബുകൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ SRG |
| ശാസ്ത്രയാത്ര | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ ഫോക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ |
| ഭൂപടമൊരുക്കാം | | | |
| കേരളം - ഇന്ത്യ ഭൂപടവായന സൂചിക - പരിചയപ്പെടൽ | ഭൂപട വായന ഭൂപട രചന സൂചികാ നിർമ്മാണം | വർഷത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ SRG. |

| | | | | |
|---|---|---|---|---|
| ശാസ്ത്ര വിസ്മയച്ചുമർ | | | | |
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | വർഷത്തിൽ ഒന്ന് | ക്ലാസ്ടീച്ചർ | |
| ശാസ്ത്രോത്സവം | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | [illegible] പതിപ്പ്, ചാർട്ട് ആൽബം, പഠനോപകരണം പരീക്ഷണം - ഇവയുടെ പ്രദർശനം | വർഷത്തിൽ ഒന്ന് | ക്ലാസ്ടീച്ചർ HM SRG. | PTA |
| ശാസ്ത്രമാസിക. | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിൽ ഒന്ന് | HM ക്ലാസ്ടീച്ചർ | PTA |

ക്ലാ : IV

| ഗണിതം | | | | |
|---|---|---|---|---|
| **കളിക്കാം ഗണിതം** | | | | |
| ഗണിത പഠനം രസകരമാക്കൽ ചതുഷ്ക്രിയകൾ ലളിതമാക്കൽ | വിവിധതരം കളികൾ തെരഞ്ഞെടുത്ത് ചെയ്യൽ-നടപ്പാക്കൽ. മൂല്യനിർണയം (ക്ലാസ്സിലും പഠനം ഡയറിയിലും) സങ്കലനം - വ്യവകലനം | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം.** | | | | |
| ഗണിതശാസ്ത്ര പഠനം രസകരമാക്കൽ കരചലനങ്ങൾക്ക് വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലെ രീതിൽ | ക്ലാസ് ടീച്ചർ. | |
| **ഗണിതലാബ്** | | | | |
| ഗണിത പഠനപ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ SRG. | |

| | | | | |
|---|---|---|---|---|
| ഗണിതചാർട്ട് | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതചാർട്ട് ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിതോപകരണ ശിൽപശാല | | | | |
| പഠനോപകരണങ്ങളുടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | പഠനാരംഭം | ക്ലാസ് ടീച്ചർ | PTA |
| ഗണിതമേള. | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |

# Academic Master Plan

## UP - English

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend your Ear: - ചിത്രങ്ങളും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരം നൽകാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് - അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് - അധ്യാപകൻ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശീലിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് - അധ്യാപകൻ | |
| | Missing Man അധ്യാപികയും വിദ്യാർത്ഥികളും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | തുടർന്ന് അധ്യാപികയുടെ സംഭാഷണം റിക്കോർഡ് ചെയ്ത് കുട്ടികളുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു.<br>അധ്യാപികയുടെ റോൾ കുട്ടികൾക്ക് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | | | |
| | Treasure Hunt. വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിവിധ അറകളൊരുക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു ഏതെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകൻ | |
| | One Man Show അവസരം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകൻ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| 2) ഭാവാത്മക-വായന പരിശീലിപ്പിക്കുന്നു | I Too Can!! വ്യത്യസ്ത തലങ്ങളിലായി വിവിധ വായനകാർഡുകൾ ഒരുക്കുന്നു. തെറ്റു കൂടാതെ വായിക്കുവാൻ അവസരം നൽകുന്നു [ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്] | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Learning Ladder. പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒന്നാമതെത്തുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്റ്റംബർ | ഇംഗ്ലീഷ് അധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | [illegible] |
|---|---|---|---|---|
| | FM Corner വ്യത്യസ്തമായ കഥകൾ Reader's theatre റേഡിയോ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ 1 തവണ. | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the Month നെ ആദരിക്കുന്നു. | മാസംതോറും | ഇംഗ്ലീഷ് അധ്യാപകർ | |
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ. | |
| | Alert Zone സൂചനാ ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലെ ക്ലാസ്സ്മുറികളിലൂടെ പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്യങ്ങൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റ് ഇല്ലാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റില്ലാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | |
| | Fun time Funda കടങ്കഥകൾ, കുസൃതി ചോദ്യങ്ങൾ, പഴഞ്ചൊല്ലുകൾ എന്നിവ തെറ്റാതെ ക്ലാസിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ഇംഗ്ലീഷ് പിരീഡ് | ഇംഗ്ലീഷ് അധ്യാപകർ | |
| ഇംഗ്ലീഷ് ഭാഷയോടുള്ള അഭിരുചി വളർത്തുന്നു | The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളുടെ സഹായത്തോടെ ഒരു ദിവസത്തെ ക്യാമ്പ് സംഘടിപ്പിക്കുന്നു. ഇംഗ്ലീഷ് | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പ്രവർത്തനത്തിന്റെ വിലയിരുത്തൽ |
| --- | --- | --- | --- | --- |
| | അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5, 6, 7 ക്ലാസുകളിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ലഭിക്കുന്നു. അഞ്ചാം ക്ലാസിനായി കഥ പറയൽ, കഥ എഴുത്ത്, ആറിന് Role play / നാടകം, ഏഴിന് കവിത / പ്രസംഗം തുടങ്ങിയവ. ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി / ഫിലിം ഷോ. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, PTA ഭാരവാഹികൾ, രക്ഷിതാക്കൾ | |

UP

# അക്കാദമിക മാസ്റ്റർപ്ലാൻ ഗണിതം - 2025 -

UP

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ① അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിതശില്പശാല<br>കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ ചാർട്ട്, മുത്തുകൾ, ഫ്ലാഷ് കാർഡുകൾ ഉപയോഗിക്കുന്നു) | ജൂൺ മാസം | ഗണിത അധ്യാപിക | |
| ② രസകരമായ ഗണിത ശാസ്ത്ര പഠനവും കൗതുക ഗണിത ബോധ വികാസവും | ഒറിഗാമി ശിൽപശാല<br>ഒറിഗാമിയിലൂടെ ഗണിതാശയങ്ങൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കൽ. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു തവണ | ഗണിത അധ്യാപിക | |
| ③ ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ, മാസത്തിൽ രണ്ട് ഗണിത ക്ലബ്ബ് നടത്തൽ | അധ്യയന വർഷം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബ് അംഗങ്ങളും | |

| | | | | |
|---|---|---|---|---|
| ലക്ഷ്യം | [illegible] | [illegible] | [illegible] | [illegible] |
| ④ ഗണിതം മധുരമാക്കൽ | ഗണിത പാർക്ക്<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു തവണ | ഗണിതക്ലബ്ബ് | ഗണിതക്ലബ്ബ്, പി.ടി.എ |
| ⑤ ഗണിതശാസ്ത്ര മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിതഗ്രാമം<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകർ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ നടത്താനും ചെയ്യുന്നു. | വർഷത്തിൽ മൂന്ന് തവണ | ഗണിതാധ്യാപകർ, എഞ്ചിനീയർമാർ | പി.ടി.എ |
| ⑥ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി. സാധ്യതകളിലൂടെ<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം തുടങ്ങിയവ പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു തവണ | ഗണിത അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 7. ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്**<br>ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരിയഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും. | |
| 8. വിവിധ ശേഷികളുടെ വികസനം | **ഗണിത അസംബ്ലി, ദിനാചരണം**<br>ഒരു ദിവസത്തെ അസംബ്ലി ഗണിത അസംബ്ലിയായി നടത്തൽ. ഗണിത പ്രതിജ്ഞ, ഗണിത ഗാനം, ഗണിത രൂപത്തിൽ അസംബ്ലിയിൽ കുട്ടികൾ നിൽക്കൽ | ഒരു തവണ | ഗണിത അധ്യാപികയും ഗണിതക്ലബ്ബ് അംഗങ്ങളും. | |
| | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്താവുന്ന പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തൽ. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | SRG. | |

# ഹിന്ദി

| മേഖല : അക്കാദമികം | | ഉപമേഖല : ഹിന്ദി ക്ലാസ് തലം. | | |
|---|---|---|---|---|
| ക്രമ നം. | പ്രവർത്തനങ്ങൾ | സമയം | ക്ലാസ് | ലക്ഷ്യം |
| 1. | കുട്ടികളുടെ മുന്നറിവ് പരിശോധിക്കാൻ പ്രീ. ടെസ്റ്റ്. | ഒന്നാമത്തെ ആഴ്ച | 5, 6 7 | കുട്ടികളുടെ മുന്നറിവ് പരിശോധിച്ച് കൊണ്ട് ഹിന്ദി ഭാഷ വായിക്കാനും, എഴുതാനും, ആശയവിനിമയം ചെയ്യാനുമുള്ള കഴിവ് വർദ്ധിപ്പിക്കുക. |
| 2. | വാക്കുകളിൽ നിന്നും അക്ഷരങ്ങൾ തിരഞ്ഞെടുത്ത് കൊണ്ട് അക്ഷര പരിചയം. അക്ഷരമാല ചാർട്ട്, ചിത്രങ്ങൾ എന്നിവയുടെ സഹായത്തോട് കൂടി അക്ഷരപരിചയം. | രണ്ടാമത്തെ ആഴ്ച | 5, 6 .7 | അക്ഷര പരിചയം |
| 3. | നിത്യ ജീവിതത്തിൽ പ്രയോഗിക്കുന്ന വാക്കുകളെ ക്ലാസ് മുറി | | | |

| ക്രമ നം. | പ്രവർത്തനങ്ങൾ | സമയം | ക്ലാസ് | ലക്ഷ്യം. |
|---|---|---|---|---|
| | കളിലെ സംഭാഷണത്തിലൂടെ പരിചയപ്പെടൽ | എല്ലാ ദിവസവും | 5, 6 7 | നിത്യ ജീവിതത്തിൽ പ്രയോഗിക്കുന്ന വാക്കുകളെ പരിചയപ്പെടൽ. |
| 4 | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പസിൽസ് (puzzle) ICT വഴി അക്ഷരമാല, വാക്കുകൾ പരിചയപ്പെടൽ | ആഴ്ചയിൽ ഒരു തവണ | 5,6 7 | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഹിന്ദി പഠനത്തിനാവശ്യമായ സൗകര്യം ഒരുക്കുക. |
| 5 | ഡയറി, ആത്മകഥ, കവിത, കഥ എന്നിങ്ങനെയുള്ള ഹിന്ദി ഭാഷയിലെ സാഹിത്യ വിധകളെ പരിചയപ്പെടൽ | ആഴ്ചയിൽ ഒരു തവണ | 5,6 7 | ഹിന്ദി ഭാഷയിലെ സാഹിത്യ വിധകളെ പരിചയപ്പെടൽ, ഉച്ചാരണ ശുദ്ധി എന്നിവ ലക്ഷ്യം. |
| 6. | ആഴ്ചയിൽ ഒരു ദിവസം ഹിന്ദി അസംബ്ലി നടത്തുന്നത് വഴി ഹിന്ദി ഭാഷ പ്രയോഗിക്കാനുള്ള കഴിവ് വളർത്തിയെടുക്കൽ | ആഴ്ചയിൽ ഒരു തവണ | 5, 6 7 എല്ലാ ക്ലാസുകൾ | ഹിന്ദി ഭാഷ പഠിക്കാനുള്ള താൽപര്യം കുട്ടികളിൽ വളർത്തിയെടുക്കൽ. |

| | | | | |
|---|---|---|---|---|
| 7. | ഹിന്ദി പത്രിക തയ്യാറാക്കൽ | ജനുവരി | 5,6 7 | ഹിന്ദി ഭാഷയിൽ പത്രിക തയ്യാറാക്കാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കുക. |
| 8. | ഹിന്ദി ഭാഷാ പഠനത്തിനായുള്ള അന്തരീക്ഷം ഉണ്ടാക്കിയെടുക്കുക. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് സിനിമാ പ്രദർശനം വാർത്തകൾ തുടങ്ങിയ ദൃശ്യമാധ്യമ സഹായത്തോട് കൂടി കുട്ടികളിലേക്ക് എത്തിക്കുന്നു. | 6 മാസം | 5,6 7 | |
| 9. | ഗ്രാഫിക്സ് സഹായത്തോട് കൂടി ഭാഷ ആർജ്ജിക്കുക. | | | |

Academic Master Plan

LP & UP

ARABIC

GMUPS PAYANGADI

**അക്കാദമിക് മാസ്റ്റർ പ്ലാൻ - അറബിക് 2025-2026**
**(1 to 7 ക്ലാസ്)**
**ജി.എം.യു.പി.എസ്.പഴയങ്ങാടി**

## ആമുഖം

2025 ജൂൺ മുതൽ 2026 മാർച്ച് വരെയുള്ള കാലയളവിൽ അറബി ഭാഷാ പഠന മികവിന് വേണ്ടി ഒന്ന് മുതൽ ഏഴു വരെയുള്ള ക്ലാസുകൾക്ക് സ്കളിൽ നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളാണ് ഈ അക്കാഡമിക് മാസ്റ്റർ പ്ലാനിലൂടെ ലക്ഷ്യമിടുന്നത്.

ഭാഷാ പഠന മേഖലയിൽ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ ഘട്ടം ഘട്ടമായി നിക്കം ചെയ്യാൻ ഈ പ്രവർത്തന ലക്ഷ്യങ്ങൾ സഹായകമാകും. കുട്ടികളിൽ ഭാഷാ കഴിവുകൾ വളർത്തിയെടുക്കുവാനും ഇത്തരം പ്രവർത്തനങ്ങൾ പങ്കു വഹിക്കും.

വിശ്വസ്തതയോടെ,
ISMAIL K
UPSA ARABIC TEACHER
ജി.എം.യു.പി.എസ്.പഴയങ്ങാടി

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

## അറബിക്

## (1 to 7 ക്ലാസ്)

## ജി.എം.യു.പി.എസ്.പഴയങ്ങാടി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കൽ | • ടെസ്റ്റ് നടത്തി കുട്ടികളെ കണ്ടെത്തുന്നു<br>• പ്രത്യേകം തയ്യാർ ചെയ്ത മൊഡ്യൂൾ പ്രകാരം നിശ്ചിത സമയം ക്ലാസ് നൽകുന്നു<br>• ഐസിടി ഉപയോഗിക്കുന്നു<br>• അക്ഷരങ്ങൾ ഔട്ട്ലൈൻ നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു<br>• അക്ഷരക്കാർഡുകൾ നൽകുന്നു | ഒന്ന് മുതൽ ഏഴു വരെ | അധ്യയന വർഷാരംഭത്തിലെ മൂന്ന് മാസം | അധ്യാപകൻ | അറബിക് ക്ലബ് എസ്.എം.സി |
| തെറ്റ് കൂടാതെ വായിക്കാനുള്ള കഴിവുണ്ടാക്കുന്നു. | • അക്ഷരവായന<br>• ക്ലാസ് വായന<br>• ലൈബ്രറി വായന<br>• കഥ വായന<br>• ഇ-വായന<br>• വായന മത്സരങ്ങൾ | ഒന്ന് മുതൽ ഏഴു വരെ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകൻ | അറബിക് ക്ലബ് എസ്.എം.സി |
| കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | • ഓരോ കുട്ടിക്കും പ്രത്യേക വർക്ക് ഷീറ്റും കോപ്പികളും നൽകി പരിശീലനം നൽകൽ<br>• വർഷത്തിലൊരിക്കൽ കയ്യെഴുത്ത് മാസിക തയ്യാറാക്കൽ<br>• വായനക്കാർഡ് നിർമ്മാണം<br>• ചുമർ പത്രിക നിർമ്മാണം | ഒന്ന് മുതൽ ഏഴു വരെ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകൻ | അറബിക് ക്ലബ് എസ്.എം.സി |
| അറബി പദസമ്പത്ത് വർദ്ധിപ്പിക്കൽ | • ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കൽ<br>• ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്ക് പുറമെ അഞ്ചു വാക്കുകൾ കണ്ടെത്തൽ | ഒന്ന് മുതൽ ഏഴു വരെ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകൻ | അറബിക് ക്ലബ് എസ്.എം.സി |

| | | | | | |
|---|---|---|---|---|---|
| മുഴുവൻ വിദ്യാർത്ഥികളിലേയും വ്യത്യസ്ത കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് അറബിക് മത്സരങ്ങൾ സംഘടിപ്പിക്കൽ | • ക്വിസ്<br>• പദനിർമ്മാണം<br>• കഥ പറയൽ<br>• കവിത ചൊല്ലൽ<br>• കളറിംഗ്<br>• മെമ്മറി ടെസ്റ്റ്<br>• ഗദ്യ വായന<br>• ഖുർആൻ പാരായണം<br>• പദപ്പയറ്റ് | ഒന്ന് മുതൽ ഏഴു വരെ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | എസ്.ആർ.ജി<br>അറബിക് ക്ലബ്<br>എസ്.എം.സി<br>പി.ടി.എ |
| അറബിക് അസംബ്ലി | • ആഴ്ചയിൽ ഒരു ദിവസം അസംബ്ലി<br>• വാർത്തകൾ അറബിയിൽ വായിക്കൽ<br>• അറബിക് കുറിപ്പുകൾ വായിക്കൽ | ഒന്ന് മുതൽ ഏഴു വരെ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | എസ്.ആർ.ജി<br>എസ്.എം.സി |
| ദിനാചരണങ്ങൾ | • പ്ലക്കാർഡുകൾ നിർമ്മിക്കൽ<br>• ക്വിസ് മത്സരം<br>• പോസ്റ്റർ നിർമ്മാണം<br>• അറബിയിൽ ചെറിയ വിവരണം നൽകൽ | ഒന്ന് മുതൽ ഏഴു വരെ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | എസ്.ആർ.ജി<br>അറബിക് ക്ലബ്<br>എസ്.എം.സി |
| അറബി ഭാഷാ പഠനത്തിൽ ഐ റ്റി സാധ്യത ഉപയോഗപ്പെടുത്തൽ | • അറബിക് ലാഗ്വേജ് ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം തുടങ്ങിയവയിലൂടെയുള്ള പരിശീലനം.<br>• കമ്പ്യൂട്ടറിൽ അറബിക് ടൈപ്പിംങ്ങിനായി കീബോർഡിൽ അറബി അക്ഷരങ്ങൾ പരിചയപ്പെടുത്തും. | ഒന്ന് മുതൽ ഏഴു വരെ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | സ്കൂളിലെ ഐ റ്റി ഇൻർനെറ്റ് സൗകര്യം ഉപയോഗപ്പെടുത്തും.<br>എസ്.ആർ.ജി<br>അറബിക് ക്ലബ്<br>എസ്.എം.സി |
| ഒരു ദിനം-ഒരറിവ് | • കുട്ടികളിൽ പൊതു വിജ്ഞാനം പരിപോഷിപ്പിക്കുന്നതിന് ദിവസും ക്ലാസ് ഗ്രൂപ്പുകളിൽ e-Poster ആയി അറിവ് നൽകുന്നു.<br>• മാസാവസാനം ക്വിസ് മത്സരം സംഘടിപ്പിക്കുന്നു | ഒന്ന് മുതൽ ഏഴു വരെ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | അറബിക് ക്ലബ് |

നന്ദി